എന്നിവമൂലം എൻടി കേഡറിൽ ഉണ്ടാകാൻ സാധ്യതയുള്ള ഒരു വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കാലാകാലങ്ങളിൽ സർക്കാർ സർക്കുലറുകൾ പുറപ്പെടുവിക്കുന്നുണ്ട്. ഇതുകൂടാതെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും സർക്കാർ എല്ലാ നിയമനാധികാരികൾക്കും വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വയനാട് എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

61 (2879) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മൂന്ന് വർഷം കഴിഞ്ഞിട്ടും മറ്റു ജില്ലകളെ അപേക്ഷിച്ച് നിയമനം വളരെ കുറവാണ് നടന്നിട്ടുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ എൽ.ഡി. ടൈപ്പിസ്റ്റ് ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് നിയമനം നൽകിയത് എന്ന് അറിയിക്കാമോ ;

(സി) നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകിയെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അറിയിക്കുമോ ;

(ഡി) ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകൾ ഉൾപ്പെടെ വേഗത്തിൽ റിപ്പോർട്ട് ചെയ്ത് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 194 പേർക്ക് നിയമന ശിപാർശ നൽകി.

(സി) 68 പേർക്ക് നിയമന ശിപാർശ നൽകി. റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവ് നിലവിലുണ്ട്. ആയതിലേക്ക് ഉടൻ നിയമന ശിപാർശ നൽകുന്നതാണ്.

(ഡി) നിലവിലുള്ളതും ഉണ്ടാകുന്നതുമായ ഒഴിവുകൾ അതാതു മാസം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly